"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശത്ത് നിന്നും തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാറളം വില്ലേജ് കോഴിക്കുന്ന് കോളനിയിലെ രാധാകൃഷ്ണൻ വി.വി, വെള്ളാഞ്ചേരി,വെള്ളാനി എന്ന വ്യക്തിയുടെ കുടുംബത്തെ പുനരധിവസിപ്പി ക്കുന്നതിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2910/2024/RD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-
1. സ.ഉ(സാധ)നം520/2019/ദു.നി.വ തീയതി 19.08.2019.
2. സ.ഉ.(കൈ)നം.25/2019/ദു.നി.വ തീയതി 23.08.2019
3. 0.11.2023 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ DCTSR/2604/2023-A13 നമ്പർ കത്ത്.
4. സ.ഉ.(സാധ)നം. 912/2024/ദു.നി.വ തീയതി 2.12.2024

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ ദുരന്തസാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പരാമർശം (1) പ്രകാരം നിയോഗിച്ച വിദഗ്ധ സംഘം സ്ഥിരമായി മാറ്റിപാർപ്പിക്കേണ്ടവരാണെന്ന് കണ്ടെത്തിയവരുടെ ലിസ്റ്റിൽ തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കാറളം വില്ലേജ് കോഴിക്കുന്ന് കോളനിയിലെ രാധാകൃഷ്ണൻ വി.വി, വെള്ളാഞ്ചേരി, വെള്ളാനി ഉൾപ്പെട്ടിട്ടുള്ളതായും ഇപ്രകാരം വിദഗ്ധ സമിതി ശിപാർശ ചെയ്തവരുടെ പട്ടിക തൃശ്ശൂർ ജില്ല ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചിട്ടുള്ളതായും ഇവർ വാസയോഗ്യമായ ഭൂമി കണ്ടെത്തി ആധാരം രജിസ്റ്റർ ചെയ്ത് രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാൽ ഇവർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ല കളക്ടറുടെ അപേക്ഷ പരിഗണിച്ച് വാസയോഗ്യമായ ഭൂമി കണ്ടെത്തി ആധാരം രജിസ്റ്റർ ചെയ്ത് രേഖകൾ ഹാജരാക്കിയിട്ടുള്ള ശ്രീ. രാധാകൃഷ്ണൻ വി.വി യുടെ കുടുംബത്തെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതിന് പരാമർശം (2) ഉത്തരവിലെ മാനദണ്ഡപ്രകാരം സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10,00,000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ദുരന്ത നിവാരണ വകുപ്പ് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3.പരാമർശം (4)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദുരന്തസാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനായി പരാമർശം (2) ലെ വ്യവസ്ഥകൾ പ്രകാരം മേൽപ്പറഞ്ഞ വ്യക്തിക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10,00,000/-രൂപ(പത്ത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും റിലീസ് ചെയ്ത് നൽകിക്കൊണ്ട്

ഉത്തരവാകുന്നു.

4.വിതരണത്തിനാവശ്യമായി വരുന്ന 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ല കളക്ടർക്ക് നൽകേണ്ടതും, ജില്ല കളക്ടർ തുക വിതരണം ചെയ്ത് ഒരാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതും ഗുണഭോക്താവിന് ഇതിനകം മേൽധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ടിയിനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക വിതരണം ചെയ്യുവാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Rakesh Paul
Date: 07-12-2024 09:25:24

സെക്ഷൻ ഓഫീസർ